പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :5327

5.07.2012 - ൽ മറുപടി നൽകേണ്ടിയിരുന്നത്.

## പുതിയ വ്യവസായ സംരംഭങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ**<br>**ശ്രീ. ബി. ഡി. ദേവസ്സി**<br>**ശ്രീമതി. കെ. എസ്. സലീഖ**<br>**ശ്രീമതി. കെ. കെ. ലതിക** | | **ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ; | : | (എ) സംസ്ഥാനത്ത് ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 2012 - 13 വർഷത്തെ ബഡ്ജറ്റിൽ 55.05 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഗ്രാൻറ്, വിപണന സഹായം, നിലവിലുള്ള വ്യവസായങ്ങളുടെ വികസനം, പുതിയ ടെക്നോളജി വികസിപ്പിക്കൽ, ശേഷി വികസനം തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു. പുതിയ വ്യവസായ സംരംഭകർക്ക് സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് ഓൺലൈൻ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞു. സിഡ്കോയുടെ അധീനതയിലുള്ള മേജർ വ്യവസായ എസ്റ്റേറ്റുകൾ/ വ്യവസായ പാർക്കുകൾ എന്നിവിടങ്ങളിൽ ഷെഡ്ഡ്/ ഭൂമി ഒഴിവുള്ള മുറയ്ക്ക് ചെറുകിയ വ്യവസായം നടത്തുന്നതിനായി വ്യവസായികൾക്ക് അനുവദിച്ചുവരുന്നു. കൂടാതെ ചെറുകിട ഇടത്തരം വ്യവസായികളുടെ ഉൽപ്പന്ന വിതരണത്തിനു വേണ്ടി വിപണന വിഭാഗം തുടങ്ങുകയും കേരളത്തിലുടനീളം വിതരണ ശൃംഖല ഉണ്ടാക്കുന്നതിന് 48 വിതരണക്കാരെ കണ്ടെത്തിയിട്ടുമുണ്ട്. |

| | | |
|---|---|---|
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സംരംഭകർ എത്ര കോടി രൂപ മുതൽ മുടക്കാനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും ഇതുവരെ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | : | (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം സിഡ്കോയുടെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്/ പാർക്ക് ഡിവിഷനുകളിലായി 11.50 കോടി രൂപ മുതൽമുടക്കുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അനുവദിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ട് 24 കോടിയുടെ നിക്ഷേപം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. കെഎസ്.ഐ.ഡി.സി ബോർഡ് 1400 കോടി രൂപ മുതൽമുടക്ക് പ്രതീക്ഷിക്കുന്ന 41 സംരംഭകർ/ സ്ഥാപനങ്ങളുടെ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നിക്ഷേപാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ കെ.എസ്.ഐ.ഡി.സി യുടെ സാമ്പത്തിക സഹായത്തോടെ 6.75 കോടി രൂപ മുതൽമുടക്കുള്ള 3 പദ്ധതികൾ പൂർത്തിയാക്കി ഉല്പാദനം ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ ചെറുകിട - ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ മേഖലയിൽ 111 സംരംഭങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇവർ സമർപ്പിച്ച പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം 338/- കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നു. |
| (സി) ലൈറ്റ്/ജനറൽ എഞ്ചിനീയറിംഗ് മേഖലയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | : | (സി): ഈ സർക്കാർ അധികാരമേറ്റ ശേഷം ലൈറ്റ് / ജനറൽ എഞ്ചിനീയറിംഗ് മേഖലയിൽ സിഡ്കോ 8 വ്യവസായ യൂണിറ്റുകൾക്ക് ഷെഡ്/ഭൂമി അനുവദിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിൽ 1543 MSME -യാണ് Entrepreneur Memorandum – II ഫയൽ ചെയ്തിട്ടുള്ളത്. |

(ഡി) നവീന മാതൃകയിലുള്ള ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാനുള്ള എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

(ഡി): ഉണ്ട്. എറണാകുളം ജില്ലയിലെ എടയാർ വികസന പ്രദേശത്ത് നവീന മാതൃകയിലുള്ള ബഹുനില വ്യവസായ എസ്റ്റേറ്റിന്റെ പണി ഏകദേശം പൂർത്തിയായി. തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ പാടം, പാലക്കാട് ജില്ലയിലെ ഷോർണ്ണൂർ, പുതുശ്ശേരി എന്നിവിടങ്ങളിൽ ഒരോ ബഹുനില വ്യവസായ എസ്റ്റേറ്റുകൾ പണിയുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. വേളി, മഞ്ചേരി എന്നിവിടങ്ങളിൽ ബഹുനില എസ്റ്റേറ്റുകൾ പണിയുന്നതിന് 2012 - 13 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇതിൽ മഞ്ചേരി ഒഴിച്ചുള്ളവയെല്ലാം ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി ലഭിച്ച തുക ഉപയോഗിച്ചാണ് പണിയുന്നത്. സിഡ്കോയുടെ പാപ്പനംകോട് വ്യവസായ എസ്റ്റേറ്റിൽ 5 നിലകളിലായി മാതൃകാ ഇൻഡസ്ട്രിയൽ ഗ്യാല പണിയുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ